**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 87** **05-12-2022 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനയിലെ ക്രിമിനൽ നടപടികൾക്കെതിരെയുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | പോലീസ് സേനയിലെ ക്രിമിനലുകളെ കണ്ടെത്തുന്നതിനും പുറത്താക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) | പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള ആക്ഷേപമോ ആരോപണങ്ങളോ ശ്രദ്ധയിൽപ്പെട്ടാൽ അത്തരം ഉദ്യോഗസ്ഥരെ നിരന്തരം നിരീക്ഷിക്കുകയും രഹസ്യാന്വേഷണം നടത്തുകയും, ആരോപണം തെളിയുന്ന പക്ഷം പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്.<br><br>അഴിമതി, നിയമവിരുദ്ധ പ്രവർത്തനം, മാഫിയ ബന്ധം തുടങ്ങിയ കാര്യങ്ങളിൽ ആരോപണ വിധേയമായിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചു വരുന്നു. കൂടാതെ പോലീസ് സേനയിൽ ക്രിമിനൽ സ്വഭാവം പ്രകടിപ്പിക്കുന്ന പോലീസുകാരുടെ കേസുകളിലുള്ള പങ്കാളിത്തം, അവർക്കെതിരെ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ കാഠിന്യം എന്നിവയുടെ അടിസ്ഥാനത്തിൽ ക്രിമിനൽ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന പോലീസുകാരെ കണ്ടെത്തി പുറത്താക്കലുകൾ ഉൾപ്പെടെയുള്ള വകുപ്പുതല നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇത്തരക്കാർക്കെതിരെ കർശന നടപടി തുടരുകയും ചെയ്യുന്നതാണ്. |
| (ബി) | സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്റ്റേഷനുകളിലെ മൂന്നാംമുറ തടയുന്നതിന് നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ബഹു. സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും കുറഞ്ഞത് 12 വീതമെങ്കിലും ഓഡിയോ റെക്കോർഡിംഗ് സംവിധാനം ഉൾപ്പെടെയുള്ള ആധുനിക സി.സി.ടി.വി. ക്യാമറകളും കൂടാതെ എല്ലാ ജില്ലാ പോലീസ് ഓഫീസുകളിലും പോലീസ് ആസ്ഥാനത്തും സി.സി.ടി.വി ക്യാമറാ മോണിറ്ററിംഗ് സിസ്റ്റം എന്നിവയും സ്ഥാപിക്കുവാനായുള്ള ടെൻഡർ നടപടികൾ പൂർത്തിയാക്കി ക്യാമറകൾ സ്ഥാപിക്കുവാനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത പ്രവൃത്തി 23.02.2023-ന് മുമ്പായി പൂർത്തിയാക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | നിരീക്ഷണ ക്യാമറകൾ ഇനി എത്ര സ്റ്റേഷനുകളിൽ കൂടി സ്ഥാപിക്കാനുണ്ടെന്ന് അറിയിക്കാമോ? | (സി) | ബഹു. സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും കുറഞ്ഞത് 12 വീതമെങ്കിലും ഓഡിയോ റെക്കോർഡിംഗ് സംവിധാനം ഉൾപ്പെടെയുള്ള ആധുനിക സി.സി.ടി.വി. ക്യാമറകളും കൂടാതെ എല്ലാ ജില്ലാ പോലീസ് ഓഫീസുകളിലും പോലീസ് ആസ്ഥാനത്തും സി.സി.ടി.വി ക്യാമറാ മോണിറ്ററിംഗ് സിസ്റ്റം എന്നിവയും സ്ഥാപിക്കുവാനായുള്ള ടെൻഡർ നടപടികൾ പൂർത്തിയാക്കി ക്യാമറകൾ സ്ഥാപിക്കുവാനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 23.02.2023-ന് മുമ്പായി പൂർത്തിയാക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ